പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 21      8.06.2015 ൽ മറുപടിക്ക്

## സി.സി.ടി.വി., മൊബൈൽ ക്യാമറകളുടെ ദുരുപയോഗം

**ചോദ്യം**

ശ്രീ. എൻ .എ.നെല്ലിക്കുന്ന്
,, വി.എം.ഉമ്മർ മാസ്റ്റർ
,, സി.മോയിൻ കുട്ടി
,, പി.കെ.ബഷീർ

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) വ്യക്തികളുടെ സ്വകാര്യതയ്ക്ക് ഭീഷണിയുണ്ടാക്കും വിധം സി.സി.ടി.വി., മൊബൈൽ ക്യാമറകളുടെ ദുരുപയോഗം വർദ്ധിച്ചുവരുന്നതായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും ക്രമസമാധാന പാലനത്തിനും മറ്റും അനിവാര്യമായ ഇത്തരം സംവിധാനങ്ങൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ഇവയുടെ ശരിയായ ഉപയോഗക്രമം സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിദഗ്ധരുമായി ആലോചിച്ച് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുമോ?

(എ) ഇക്കാര്യത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യും (സി) യും: വ്യക്തികളുടെ സ്വകാര്യതയ്ക്ക് ഭംഗം വരുത്തുകയോ, സ്വകാര്യതയ്ക്ക് ഭീഷണിയാവുകയോ ചെയ്യുന്ന വിധത്തിൽ സി.സി.ടി.വി, മൊബൈൽ ക്യാമറകൾ എന്നിവ ദുരുപയോഗം ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റകൃത്യമാണെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിൽ ബോധവൽക്കരണ ക്ലാസ്സുകൾ സൈബർ സെല്ലിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് നൽകുന്ന സ്ഥാപനങ്ങളോട് അവ ദുരുപയോഗം ചെയ്യാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകാൻ ആവശ്യപ്പെടുകയും സ്കൂൾ കോളേജ് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും ചെയ്യുന്നുണ്ട്. ഹോട്ടലുകൾ, ലോഡ്ജുകൾ, ടെക്സ്റ്റയിൽ ഷോപ്പുകൾ തുടങ്ങിയവയിൽ പരിശോധന നടത്തിയും നിരീക്ഷിച്ചും ആയത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചു വരുന്നുണ്ട്. സി.സി.ടി.വി., മൊബൈൽ ക്യാമറ എന്നിവയുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെടുകയോ, പരാതി ലഭിക്കുകയോ ചെയ്താൽ നിലവിലുള്ള നിയമപ്രകാരം ഉത്തരവാദികളായവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നീ

സംവിധാനങ്ങൾ വഴി മൊബൈൽ ഫോണിന്റെ ദുരുപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നു. പവർപോയിന്റ് സ്ലൈഡുകളുടെ വീഡിയോ പ്രദർശിപ്പിച്ച് മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സോഷ്യൽമീഡിയകളുടെ ദുരുപയോഗം മൂലമുള്ള അപകടങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു.

Rajani M

സെക്ഷൻ ഓഫീസർ